# ആമുഖം

## എസ്.എൻ.വി.എൽ.പി.എസ്. എടത്തിരുത്തി വെസ്റ്റ് അന്താരാഷ്ട്ര നിലവാരത്തിലേക്ക്

വിദ്യാലയത്തിലെ ഓരോ കുട്ടിയുടേയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതു വിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിന് പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക. കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക. പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക. നിരന്തര മൂല്യനിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടകൂടിന്റെ (2005) നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതമായ പഠനമാണ് ക്ലാസ്സ് റൂമിൽ നടക്കേണ്ടത് എന്ന വിദ്യാഭ്യാസ അവകാശ നിയമം 2009 മുന്നോട്ട് വയ്ക്കുന്നു.

### പൊതുലക്ഷ്യങ്ങൾ

- മുഴുവൻ വിദ്യാർത്ഥികൾക്കും മലയാളം തെറ്റുകൂടാതെ വായിക്കാനും എഴുതാനും സാധ്യമാകും
- കുട്ടിയുടെ പഠനം ക്ലാസ്സ് മുറിയിൽ അകച്ചുമരുകളിൽ നിന്നും പുറംലോകത്തേക്ക് എത്തിക്കാൻ ശ്രമിക്കും
- ആശയാത്മക ചിത്രീകരണം വിദ്യാലയത്തിന്റെ എല്ലാ മുറികളിലും നടത്തും
- പൊതുസമൂഹത്തെ വിദ്യാലയത്തോട് കൂടുതൽ അടുപ്പിക്കും.
- വരയ്ക്കാൻ കഴിവുള്ള കുട്ടികളുടെ കലാപരമായ കഴിവ് വളർത്തുകയും ചിത്രകലയുടെ സാധ്യത പ്രയോജനപ്പെടുത്തുവാൻ ഡമോൺസ്ട്രേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കും.
- കുട്ടികളിൽ ആത്മവിശ്വാസവും അപകടങ്ങളിൽ നിന്ന് സ്വയം രക്ഷപ്പെടാനുള്ള കഴിവും ഉണ്ടാക്കിയെടുക്കും.
- ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കും

* ഇംഗ്ലീഷ് നന്നായി വായിക്കാനും തെറ്റുകൂടാതെ [illegible] കഴിവ് വളർത്തും.

* സ്കൂളിലെ സൗകര്യങ്ങൾ പൊതുസമൂഹത്തിലേക്ക് [illegible] ന്നതിന് സൗകര്യം ചെയ്തു കൊടുക്കുകയും [illegible] പങ്കാളിത്തവും സേവനവും ഉറപ്പു വരുത്തുക.

* ഗണിതത്തിലെ ചതുഷ്ക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പു വരുത്തും.

* കുട്ടികളുടെ വായനാപോഷണത്തിന് സമൂഹത്തിന്റെ [illegible] പിന്തുണയും ലഭ്യമാക്കും.

* പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കും.

* ദിനാചരണ പരിപാടികൾ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി [illegible] നേട്ടങ്ങൾ നേടാൻ പ്രാപ്തരാക്കും.

* കൃഷിയോട് ആഭിമുഖ്യം വളർത്തിയെടുക്കും.

* ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഗണിതശേഷികൾ നേടുന്നതിനുമുള്ള കഴിവ് വളർത്തും.

* അധ്യാപകരുടെ കൂട്ടായ്മയിൽ സ്കൂൾ അന്തരീക്ഷം മെച്ചപ്പെടുത്തും.

* കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പിലാക്കും.

* കുട്ടികളപഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.

* കലാകായിക പ്രവൃത്തി പരിചയ മികവ് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരികസൗകര്യങ്ങൾ ഒരുക്കും.

* ക്ലാസ്സ് മുറികളിൽ ഐ.സി.ടി. അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.

* ഇംഗ്ലീഷ് നന്നായി വായിക്കാനും തെറ്റുകൂടാതെ എഴുതുവാനും ഉള്ള കഴിവ് വളർത്തും.
* സ്കൂളിലെ സൗകര്യങ്ങൾ പൊതുസമൂഹത്തിലേക്ക് ഉപയോഗിക്കുന്നതിന് സൗകര്യം ചെയ്തു കൊടുക്കുകയും അതുവഴി സാമൂഹ്യ പങ്കാളിത്തവും സേവനവും ഉറപ്പു വരുത്തുക.
* ഗണിതത്തിലെ ചതുഷ്ക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പു വരുത്തും.
* കുട്ടികളുടെ വായനാപോഷണത്തിന് സമൂഹത്തിന്റെ സഹായവും പിന്തുണയും ലഭ്യമാക്കും.
* പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കും.
* ദിനാചരണ പരിപാടികൾ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പഠന നേട്ടങ്ങൾ നേടാൻ പ്രാപ്തരാക്കും.
* കൃഷിയോട് ആഭിമുഖ്യം വളർത്തിയെടുക്കും.
* ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഗണിതശേഷികൾ നേടുന്നതിനുമുള്ള കഴിവ് വളർത്തും.
* അധ്യാപകരുടെ കൂട്ടായ്മയിൽ സ്കൂൾ അന്തരീക്ഷം മെച്ചപ്പെടുത്തും.
* കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പിലാക്കും.
* കുട്ടികളപഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.
* കലാകായിക പ്രവൃത്തി പരിചയ മികവ് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരികസൗകര്യങ്ങൾ ഒരുക്കും.
* ക്ലാസ്സ് മുറികളിൽ ഐ.സി.ടി. അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.

# തനതു പ്രവർത്തനം

## നാട്ടറിവും സംസ്കാരവും

ഓരോ ക്ലാസ്സിലെയും പാഠഭാഗവുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ, കളികൾ, കളിഉപകരണങ്ങൾ കൈവേലകൾ എന്നിവയുടെ നേരനുഭവങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കി നാട്ടറിവുകളെ കുട്ടിയുടെ സംസ്കാരത്തിന്റെ ഭാഗമാക്കാനുള്ള പ്രവർത്തനം.

### ലക്ഷ്യങ്ങൾ

* പഴമയുടെ നന്മ കുട്ടികളെ ബോധ്യപ്പെടുത്തുക
* പ്രാദേശിക വിദഗ്ധരെ വിദ്യാലയ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക
* സാമൂഹിക ഇടപെടലുകളുടെ അക്കാദമിക പ്രവർത്തനങ്ങൾ നടപ്പാക്കുക.

### പ്രവർത്തനങ്ങൾ

* ഫോക്‌ലോർ ക്ലബ്ബ് രൂപീകരിക്കുന്നു.
* നാടൻ കലാരൂപങ്ങളെ പരിചയപ്പെടുത്തുന്നു (ചിത്രം സഹിതം).
* എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ നാടൻ കളികളുടെ അവതരണം സംഘടിപ്പിക്കുന്നു.
* കലാരൂപങ്ങളുടെ പ്രകടനങ്ങൾ സംഘടിപ്പിക്കുന്നു.
* ഫോക്‌ലോർ ദിനാചരണം നടത്തുന്നു.
* നാടൻകളികളുടെ അവതരണവും പങ്കാളിത്തവും ഉറപ്പാക്കുന്നു.
* നാടൻപാട്ടുകളുടെ ശേഖരണം അവതരണം.
* നാടൻ ഭക്ഷ്യമേള.
* നാടൻവീട്ടുപകരണങ്ങളുടെ പ്രദർശനം.
* വിവിധ ജില്ലകളിലെ നാടൻ കലാകാരൻമാരെ അതിഥികളായി കാണിച്ച് കുട്ടികളുമായി സംവദിക്കാൻ അവസരമൊരുക്കുന്നു.
* കോലമെഴുത്ത് ഉൾപ്പെടെയുള്ള കലാരൂപങ്ങളെ പരിചയപ്പെടുത്തുന്നു.

* നാടൻ പൂക്കളുടേയും നാടൻ കളികോപ്പുകളുടെയും ശേഖരണം, പ്രദർശനം, പരിചയപ്പെടൽ.

### നേട്ടങ്ങൾ

* പഴമയുടെ നന്മ കുട്ടികൾ തിരിച്ചറിഞ്ഞു.
* പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ചതു വഴി പഠനനേട്ടങ്ങൾ ഉറപ്പായി.
* നാടു മുഴുവൻ വിദ്യാലയ പ്രവർത്തനങ്ങളിൽ ഇടപെടുന്നു.

## വിദ്യാലയ ചരിത്രം

എടത്തിരുത്തി പഞ്ചായത്തിൽ നിലവിൽ17-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം 1927ൽ സ്ഥാപിതമായി. കൊല്ലാറ കൃഷ്ണൻ മാസ്റ്റർ ആയിരുന്നു വിദ്യാലയത്തിന്റെ ശില്പി. അദ്ദേഹത്തിന്റെ സമർത്ഥമായ നേതൃത്വത്തിൽ നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടു. ഒരു നിശാ പാഠശാലയായി ആരംഭിക്കുകയും എസ്.എൻ.വി.എൽ.പി.സ്കൂൾ എന്ന പേരിൽ അറിയപ്പെടാനും അംഗീകാരം നേടിയെടുക്കാനും ശ്രീ. കൊല്ലാറ കൃഷ്ണൻ മാസ്റ്റർ അവിരാമം അധ്വാനിച്ചു. വിദ്യാലയം പ്രവർത്തിച്ചു തുടങ്ങുമ്പോൾ 5-ാം സ്റ്റാന്റേർഡ് വരെയായിരുന്നു ഡിവിഷൻ. തൂന്നൽ ടീച്ചർ ഉൾപ്പെടെ 7 സ്റ്റാഫ് നിലനിന്നിരുന്നു. 1960ൽ 5-ാം എൽ.പി. വിഭാഗത്തിൽ നിന്ന് വേർപ്പെടുത്തി യു.പി.യോട് ചേർത്തതിനാൽ എൽ.പി.വിദ്യാലയങ്ങൾ എല്ലാം നാലാം സ്റ്റാന്റേർഡ് വരെയായി. 1971ൽ അറബി ഒരനുബന്ധ ഭാഷയായി. വിദ്യാലയങ്ങളിൽ സ്ഥിരപ്പെടുത്തിയതു മുതൽ അഞ്ച് അധ്യാപകരുള്ള വിദ്യാലയമായി മാറി. ഇന്ന് എസ്.എൻ.വി.എൽ.പി. സ്കൂൾ എടത്തിരുത്തി വെസ്റ്റ് നാല് ഡിവിഷനുകളിലായി 106 കുട്ടികളും അറബി അധ്യാപിക ഉൾപ്പെടെ 5 അധ്യാപികമാരും ഉണ്ട്. നിലവിൽ കൃഷ്ണൻ മാസ്റ്ററുടെ ചെറുമകൻ ശ്രീ. കെ.ബി. മംഗൾ ആണ് മാനേജർ.

ഒരു കത്ത്, ഒരു നോട്ടീസ്, ഒരു ദിനപത്രം അങ്ങനെ ഭാഷയിലുള്ള ഏതെങ്കിലുമൊന്ന് വായിക്കാൻ ജീവിതത്തിലൊരിക്കലും കഴിയില്ലെന്ന് വിശ്വസിച്ച അനേകം പേരെ വായിക്കാനും എഴുതുവാനും അറിവു നേടാനും അറിവ് പകർന്ന് കൊടുക്കാനും കഴിവുറ്റവരാക്കിയതിൽ ഈ വിദ്യാലയത്തിന് അനിർവ്വചനീയമായ സ്ഥാനമാണുള്ളത്.

### നിലവിലെ അവസ്ഥ

കരുത്തുറ്റ ഒരു പാരമ്പര്യം അവകാശപ്പെടുന്ന ഈ സ്ഥാപനം ഇന്നും അതിന്റെ വിജയപഥങ്ങളിൽ ഒട്ടും പുറകോട്ടല്ലെന്ന് തെളിയിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാകായിക മേളകൾ, ശാസ്ത്ര പ്രവൃത്തിപരിചയമേളകൾ ഇവയിലെല്ലാം എസ്.എൻ.വി.എൽ.പി.സ്കൂൾ എടത്തിരുത്തി വെസ്റ്റ് ഒട്ടും പുറകോട്ടു പോയിട്ടില്ല. 2017 ഏപ്രിൽ 2ന് ഈ വിദ്യാലയത്തിന്റെ നവതി ആഘോഷപരിപാടികൾ ആയിരുന്നു. പ്ലാറ്റിനം ജൂബിലിയും വളരെ സമുചിതമായി നടത്തിയിരുന്നു.

## നിലവിലെ അക്കാദമിക പ്രശ്നങ്ങൾ

- ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികളിൽ എല്ലാവർക്കും പാഠ്യപദ്ധതി ലക്ഷ്യം വെയ്ക്കുന്ന നിർദ്ദിഷ്ട ശേഷികൾ നേടാൻ കഴിയുന്നില്ല.
- ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസ്സുകാർക്ക് ഇംഗ്ലീഷ് ഭാഷയിൽ ശരിയായ വിധത്തിൽ ആശയവിനിമയം സാധ്യമാകുന്നില്ല.
- വിവിധ ഭാഷാ വിഷയങ്ങളിൽ അനുയോജ്യമായ പഠനാന്തരീക്ഷം ഒരുക്കുവാൻ കഴിയുന്നില്ല.
- സ്വന്തമായി പ്രശ്നപരിഹരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ പരീക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടാനോ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല.
- വിവിധ വിഷയങ്ങളിൽ വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങൾ ഒരുക്കുവാൻ സ്കൂളുകൾക്ക് കഴിയുന്നില്ല.
- പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം നടത്താൻ ആവശ്യമായ പഠനോപകരണങ്ങൾ, വിവരവിനിമയ സാങ്കേതികവിദ്യകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല
- കലാകായിക പ്രവർത്തി പരിചയ വിഷയങ്ങളിൽ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാനും വേണ്ടത്ര അനുഭവങ്ങൾ നൽകുവാനും സ്കൂളുകൾക്ക് കഴിയുന്നില്ല.
- ICT സാധ്യത എല്ലാ ക്ലാസ്സുകളിലും സാധ്യമാക്കാൻ കഴിഞ്ഞിട്ടില്ല.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനപരമായ കായികക്ഷമതാ പ്രവർത്തനങ്ങൾ സ്കൂളുകളിൽ കാര്യക്ഷമമല്ല.
- അക്കാദമിക മികവിനായി പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ്ബ് പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുവാനോ നടപ്പിലാക്കാനോ കഴിയുന്നില്ല.

# പ്രശ്നവിശകലനം

## മേഖല - ഭാഷാപഠനം

### പ്രശ്നം

(1) കുട്ടികൾ മലയാളം വായിക്കുമ്പോഴും എഴുതുമ്പോഴും ചിഹ്നങ്ങൾ ശരിയായ രീതിയിൽ പ്രയോഗിക്കുവാനുള്ള ശേഷിക്കുറവ്.

(2) ഉച്ചാരണങ്ങൾ കൃത്യമായി ഉച്ചരിക്കുവാനുള്ള കഴിവ് കുട്ടികൾക്ക് വളർന്നുവരുന്നില്ല.

(3) എല്ലാ വിദ്യാർത്ഥികൾക്കും വിവിധ ഭാഷാവിഷയങ്ങളിൽ വൈവിധ്യ പൂർണ്ണമായ വ്യവഹാര രൂപങ്ങളിലൂടെ ആശയവിനിമയം സാധ്യമാകുന്നില്ല.

| പ്രശ്ന കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി/ പ്രവർത്തനം |
|---|---|---|
| 1. ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട നിർദ്ദിഷ്ട ശേഷികൾ എല്ലാവരും നേടിയിട്ടില്ല.<br>2. വിദ്യാർത്ഥികൾക്കുള്ള അധികഭാഷാ സർഗ്ഗാത്മക പ്രവർത്തനങ്ങളില്ല.<br>3. സ്കൂൾ പ്രവർത്തനങ്ങളും വീട്ടിലെ പഠനാന്തരീക്ഷവും പരസ്പര പൂരകമായി മുന്നേറുന്നില്ല. | 1. ഓരോ ക്ലാസ്സിലെയുംഭാഷാനിലവാരം പ്രീടെസ്റ്റ് നടത്തി കണ്ടെത്തൽ<br>2. എല്ലാ വിദ്യാർത്ഥികളെയും പരിഗണിക്കുന്ന ആസൂത്രണം.<br>3. വിദ്യാർത്ഥികൾക്കുള്ള ശില്പശാലകൾ.<br>4. രക്ഷിതാക്കൾക്കുള്ള ശില്പശാലകൾ. | 1. പ്രീടെസ്റ്റ് & പോസ്റ്റ്ടെസ്റ്റ്.<br>2. അടിസ്ഥാനഭാഷാശേഷി വികസന പരിപാടിക്കായി അക്ഷരകാർഡുകൾ നൽകി വാക്ക് നിർമ്മിക്കൽ.<br>3. ക്ലാസ്സ് ലൈബ്രറി ശക്തിപ്പെടുത്തൽ.<br>4. വിദ്യാർത്ഥികൾക്കുള്ള ശില്പശാലകൾ (കഥ, കവിത)<br>5. കിട്ടിവായന.<br>6. പതിപ്പ് നിർമ്മാണം.<br>7. പത്രവായന.<br>8. വായനക്കൂട്ടം.<br>9. എഴുത്തുകൂട്ടം.<br>10. I E D E പരിശീലനം.<br>11. I C T സാധ്യത ഉറപ്പ് വരുത്തൽ.<br>12. കഥ, കവിത, ചിത്രരചന മത്സരം<br>13. സരഗ്ഗശേഷി വർദ്ധിപ്പിക്കൽ.<br>14. പൊതുവേദിയിലെ പ്രകടനങ്ങൾ.<br>15. ചിത്രംനോക്കി കഥ പൂർത്തിയാക്കൽ.<br>16. ബാലസഭ.<br>17. സ്കൂളിലെ വായനപുര.<br>18. അമ്മവായന.<br>19. പുസ്തകശേഖരണം.<br>20. വർക്ക്ഷീറ്റ് നിർമ്മാണം. |

## 3. പരിഹാര പ്രവർത്തനം-വിശദാംശങ്ങൾ

### മേഖല - I

### ഭാഷാപഠനം

**1. പ്രീടെസ്റ്റ്**

നിലവിലുള്ള പ്രശ്നത്തിന്റെ അവസ്ഥ, വ്യാപ്തി എന്നിവ കൃത്യമായി വിശകലനം നടത്തുമ്പോഴാണ് ഏതൊരു പ്രശ്നത്തിനും പരിഹരണ പ്രവർത്തനം ആരംഭിക്കുന്നത്. ഇതിനായി എല്ലാ കുട്ടികളും സന്തോഷത്തോടെ ഏറ്റെടുത്ത് നടത്തുന്ന ഏതെങ്കിലും ഒരു പ്രവർത്തനം പ്രീടെസ്റ്റായി നൽകേണ്ടതുണ്ട്. വീട്, രക്ഷിതാക്കൾ, വിനോദം, സിനിമ, കണ്ട ഉത്സവം, പങ്കെടുത്ത കല്ല്യാണം, കളിച്ചകളി, വരച്ചചിത്രം തുടങ്ങി ഏതെങ്കിലും ഒരു അനുഭവം എഴുതുവാൻ അവസരം. എല്ലാവർക്കും ഒരേ പ്രവർത്തനം നൽകുന്നതാണ് ഉചിതം. പ്രതികരണം എഴുതിപ്പിക്കാം. വിദ്യാർത്ഥികളുടെ പ്രതികരണങ്ങൾ അടങ്ങിയ രേഖകൾ സൂക്ഷിച്ചു വയ്ക്കണം. പോസ്റ്റ് ടെസ്റ്റ് നടത്തുമ്പോൾ ഉണ്ടായ മാറ്റം വിശകലനം ചെയ്യുന്നതിന് സഹായകമാവും. പ്രീടെസ്റ്റിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ടുകൾ വിഷയസമിതിയിൽ അവതരിപ്പിച്ച് പരിഹാരപ്രവർത്തനങ്ങളുടെ പാക്കേജ് തയ്യാറാക്കണം.

**2. അടിസ്ഥാന ഭാഷാ ശേഷി വികസന പരിഹാര പ്രവർത്തനങ്ങൾ പാക്കേജ്**

അടിസ്ഥാന ഭാഷാ ശേഷി വികസനത്തിനായി വിദ്യാർത്ഥികളുടെ നിലവിലെ അവസ്ഥക്കനുസൃതമായ പ്രവർത്തനങ്ങളാണ് സമീപനത്തിനനുസൃതമായി തയ്യാറാക്കേണ്ടത്. "മലയാളത്തിളക്കം" പരിപാടി പ്രയോജനപ്പെടുത്തണം.

**3. ഉയർന്ന ഭാഷാശേഷി വികസനത്തിനുള്ള വികസനത്തിനുള്ള പരിഹാര പ്രവർത്തന പാക്കേജ് തയ്യാറാക്കൽ**

**1. തുടർവായന**

മാസികകളിൽ നിന്നും പത്രങ്ങളിൽ നിന്നും പരിചിത വാക്കുകൾ കണ്ടെത്തി തുടർച്ചയായുള്ള വായന. വാക്കുകളിൽ നിന്ന് വാക്യങ്ങൾ നിർമ്മിക്കൽ.

2. ക്ലാസ്സ് ലൈബ്രറി ശക്തിപ്പെടുത്തൽ

* എല്ലാ ക്ലാസ്സുകളിലെയും കുട്ടികളിൽ നിന്ന് 5 കുട്ടികളെ ഉൾപ്പെടുത്തി ഗ്രൂപ്പുകൾ ഉണ്ടാക്കി ക്ലാസ്സ് ലൈബ്രറിയിൽ നിന്ന് അധികവായനയ്ക്കുള്ള പുസ്തകങ്ങൾ നല്കി വായനകുറിപ്പ് തയ്യാറാക്കൽ.
* എല്ലാ വിഷയങ്ങൾക്കും ആവശ്യമായ പുസ്തകങ്ങൾ സമാഹരിക്കൽ.
* കാറ്റലോഗ് നിർമ്മാണം.
* പുസ്തക വിതരണം.
* ചുമതലയുള്ള കുട്ടിലൈബ്രേറിയൻമാർ.

3. സ്കൂൾ ലൈബ്രറി ശക്തിപ്പെടുത്തൽ

* വായനാ സാമഗ്രികൾ തയ്യാറാക്കൽ.
* വായനാ സാമഗ്രികൾ വ്യത്യസ്ത ഇടങ്ങളിൽ നിന്ന് കണ്ടെത്തൽ.
* എല്ലാ വിഷയങ്ങൾക്കും ആവശ്യമായ പുസ്തകങ്ങൾ സമാഹരിക്കൽ.
* കാറ്റലോഗ് നിർമ്മാണം.

4. വിദ്യാർത്ഥികൾക്കുള്ള ശിൽപശാല

* എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ക്ലാസ്സ്തലത്തിൽ ശിൽപശാല.
* പാഠഭാഗവുമായി ബന്ധപ്പെട്ട കഥ, കവിത, ചിത്രരചന എന്നിവയുടെ ഭാഷാ വ്യവഹാര പ്രവർത്തനങ്ങൾ.
* കഥപറയൽ, കഥാരചന, കവിതാലാപനം, കവിത എഴുതൽ, ചിത്രരചന, നാടകാവിഷ്കണം etc.

5. കുട്ടിവായന

* വായനക്കാരായ കുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകൽ.
* നല്ല വായനക്കാരായ കുട്ടികളുടെയും അധ്യാപകരുടെയും ആസൂത്രണയോഗം നടത്തി പ്രവർത്തന രൂപരേഖ തയ്യാറാക്കുന്നു.
* വായിച്ച പുസ്തകങ്ങളെകുറിച്ചുള്ള അവതരണം.
* വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കൽ.

6. പതിപ്പ് നിർമ്മാണം

* ചിഹ്നങ്ങൾക്ക് നിറംനൽകി കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കൽ, വായന.
* എല്ലാ കുട്ടികളും പഠനാനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പതിപ്പ് നിർമ്മാണത്തിൽ ഏർപ്പെടൽ.

7. <u>പത്രവായന</u>

- അസംബ്ലിയിലെ പത്രവായന.
- വാർത്തയിലെ പ്രധാനപ്പെട്ട തലക്കെട്ടുകൾ കണ്ടെത്തി നോട്ടിൽ എഴുതിയുള്ള അവതരണം.
- ഉച്ചാരണശുദ്ധിയോടെ ഉള്ള വായന

8. <u>വായനാക്കൂട്ടം</u>

- 5 കുട്ടികൾ വീതം ഉൾക്കൊള്ളുന്ന ഗ്രൂപ്പുകളായി വായനാശേഷി വർദ്ധിപ്പിക്കൽ.
- വായനാകുറിപ്പ് തയ്യാറാക്കൽ.
- വായിക്കേണ്ട പുസ്തകങ്ങൾ കണ്ടെത്തൽ, വായന.

9. <u>എഴുത്തുകൂട്ടം</u>

- കുട്ടികളെ മികച്ച എഴുത്തുകാരാക്കൽ.
- സർഗ്ഗശേഷി വർദ്ധിപ്പിക്കൽ.
- കഥ, കവിത, ലേഖനം തുടങ്ങി പഠനാനുഭവവുമായി ബന്ധപ്പെടുത്തി എഴുതി തയ്യാറാക്കൽ.

**5. IEDCകുട്ടികളുടെ പരിശീലനം**

- IEDC കുട്ടികൾക്ക് വ്യത്യസ്ത രീതിയിലുള്ള പരിശീലനം നൽകൽ.
- ഇവർക്ക് അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും നിറം നൽകി വായനക്കും എഴുത്തിനും പരിശീലനം നൽകൽ.

**11. I C T സാധ്യത വിപുലീകരിക്കൽ**

- I C T സാധ്യത ലഭ്യമാക്കൽ എല്ലാ ക്ലാസ്സുകളിലും.
- കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങൾ.
- വാക്കുകൾ സ്വയം നിർമ്മിക്കാനും, കൂട്ടി യോജിപ്പിക്കാനും, നിറം കൊടുക്കാനും.
- അധ്യാപകർക്കും, രക്ഷിതാക്കൾക്കും ഉള്ള അവസരം പ്രയോജനപ്പെടുത്തൽ.

**12. <u>സർഗ്ഗശേഷി വർദ്ധിപ്പിക്കൽ</u>**

- പാഠഭാഗവുമായി ബന്ധപ്പെട്ട കഥ, കവിത, ലേഖനം, ചിത്രരചന തുടങ്ങിയവ ഉൾപ്പെടുത്തി നടത്താം.
- ഇവയോടനുബന്ധിച്ച് വിവിധതരം ഭാഷാവ്യവഹാര പ്രവർത്തനങ്ങൾ.

**13. കഥ, കവിത, ചിത്രരചന**

* മുഴുവൻ കുട്ടികളുടേയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ.
* ഭാഷാപഠന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഭാഷയുടെ സർഗ്ഗാത്മക കഴിവുകൾ ഉയർത്തികൊണ്ടുവരൽ.

**14. പൊതുവേദിയിലെ പ്രകടനങ്ങൾ**

* പരിശീലനകളരികൾ, ക്യാമ്പുകൾ സംഘടിപ്പിക്കുന്നു (കഥ, കവിത, ചിത്ര രചന).
* ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കുന്നതിനായി അസംബ്ലിയിൽ കഥ, കവിത, Myself, വായനാകുറിപ്പ് എന്നിവയുടെ അവതരണം.

**15. ചിത്രവായന - കഥ പൂർത്തിയാക്കൽ**

* കുട്ടികൾക്ക് ക്ലാസ്സിൽ അധ്യാപകർ ചിത്രപ്രദർശനം നടത്തൽ.
* ചിത്രത്തിലെ കഥ പകുതി പറഞ്ഞ് നിറുത്തൽ.
* കുട്ടികൾ ചിത്രസഹായത്തോടെ കഥയുടെ ബാക്കിഭാഗം ഭംഗിയായി പൂർത്തിയാക്കി പറയൽ.
* കഥാഭാഗം എഴുതി തയ്യാറാക്കൽ.
* കഥയുടെ ബാക്കിഭാഗം ചിത്രസഹായത്തോടെ കാണിക്കൽ.

**16. ബാലസഭ**

* വിദ്യാരംഗം, കലാസാഹിത്യവേദി കാര്യക്ഷമമാക്കൽ.
* ബാലസഭ-സ്കൂൾതല കമ്മിറ്റി.
* ഓരോ ക്ലാസ്സിനും സമയം നിശ്ചയിക്കൽ.
* പ്രവർത്തന പാക്കേജ് തയ്യാറാക്കൽ.
* സ്കൂൾ, ക്ലാസ്സ്തല ബാലസഭ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.

**17. സ്കൂൾ-വായനാപുര**

* കുട്ടികൾക്ക് യഥാസമയം കൊണ്ടുപോകാനും കൊണ്ടുവരാനും കഴിയുന്ന തരത്തിൽ ക്രമപ്പെടുത്തൽ.
* സ്കൂളിൽ എത്തുന്ന രക്ഷിതാക്കൾക്ക്, O S A അംഗങ്ങൾക്ക്, ഓട്ടോ ഡ്രൈവർ (സ്കൂളിലെ) എന്നിവർക്ക് വായിക്കാവുന്ന പുസ്തകങ്ങളുടെ ശേഖരണം.
* പത്രങ്ങൾ, മാഗസിനുകൾ, മിന്നാമിന്നി, കളിക്കുടുക്കകൾ, കഥകൾ, വായനാ കാർഡുകൾ.
* മികച്ച വായനക്കാരന് പ്രോത്സാഹനം.
* സ്കൂളിൽ നല്ല ഒരിടം വായനക്കായി കണ്ടെത്തി പ്രയോജനപ്പെടുത്തൽ.

18. അമ്മവായന

- സ്കൂൾ അന്തരീക്ഷം-മറ്റ് അവസരങ്ങൾ-അമ്മമാരുടെ കൂട്ടവായന രൂപീകരണം.
- ലൈബ്രറി പുസ്തകങ്ങൾ നൽകൽ.
- വായനാകുറിപ്പ് ശേഖരിക്കൽ.
- നല്ല വായനയെ പ്രോത്സാഹിപ്പിക്കൽ.

19. പുസ്തക ശേഖരണം

- സ്കൂൾ ലൈബ്രറിയിലേക്കും, ക്ലാസ്സ്മുറിയിലേക്കും ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ.
- (അവയുടെ) വൈവിധ്യാമർന്ന പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യൽ.
- രക്ഷിതാക്കളിൽ നിന്നും, നാട്ടുകാരിൽ നിന്നും പുസ്തകശേഖരണം.
- എല്ലാ കുട്ടികളും തന്റെ പിറന്നാളിന് ഒരു പുസ്തകം സമ്മാനം നൽകൽ.

20. വർക്ക് ഷീറ്റ് നിർമ്മാണം

- എല്ലാ ഭാഷാവിഷയങ്ങളുടേയും അധ്യാപകസഹായിയും, പാഠപുസ്തകവും, അതിലെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ.
- മുന്നോക്കക്കാർക്കും പിന്നോക്കം നിൽക്കുന്നവർക്കും ആവശ്യമായ പിന്തുണ നൽകുന്ന വർക്ക്ഷീറ്റ് നിർമ്മിക്കൽ.
- തയ്യാറാക്കിയ വർക്ക്ഷീറ്റുകൾ കാര്യക്ഷമമായി ഉപയോഗിക്കൽ.

21. കയ്യെഴുത്ത് മാഗസിൻ

- ഭാഷാവിഷയങ്ങളിലെ വിവിധ ഭാഷാവ്യവഹാരപ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യൽ.
- പഠനപ്രവർത്തനങ്ങളുടെ ഫലമായി രൂപപ്പെടേണ്ട ഉൽപ്പന്നങ്ങൾ കണ്ടെത്തി പ്രവർത്തന രൂപരേഖ തയ്യാറാക്കൽ..
- ക്ലാസ്സ് മുറിയിൽ നിന്ന് കുട്ടികളുടെ ഉല്പന്നങ്ങൾ ശേഖരിക്കൽ.
- മെച്ചപ്പെടുത്തി ക്ലാസ്സിലെ മാഗസിൻ തയ്യാറാക്കൽ.

22. കുട്ടിപത്രം-മാസംതോറും

- ഭാഷാവിഷയങ്ങളിലെ വിവിധ ഭാഷാവ്യവഹാരങ്ങളിലെ പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യൽ

* പഠനപ്രവർത്തനങ്ങളുടെ ഫലമായി രൂപപ്പെടേണ്ട ഉൽപ്പന്നങ്ങൾ കണ്ടെത്തി പ്രവർത്തന രൂപരേഖ തയ്യാറാക്കൽ.
* സ്കൂളിൽ ഒരു പത്രാധിപ സമിതി രൂപീകരിക്കൽ.
* എല്ലാ ക്ലാസ്സിൽ നിന്നും ഉല്പന്നങ്ങൾ ശേഖരിക്കൽ.
* സൃഷ്ടികൾ തിരഞ്ഞെടുക്കൽ.
* സ്കൂളിലെ പ്രധാന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കൽ.
* മെച്ചപ്പെടുത്തൽ നടത്തൽ.

**23. പഞ്ചായത്തിലെ ഭാഷാധ്യാപകരുടെ പ്രതിമാസ കൂട്ടായ്മ**

* ആശയ രൂപീകരണ ശില്പശാലയിൽ അധ്യാപകരുടെ കൂട്ടായ്മയുടെ പ്രസക്തി ചർച്ച.
* ഭാഷാപഠനം നേരിടുന്ന ചിലവിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു.
* പ്രശ്നപരിഹാരണത്തിനായി ചെയ്യാവുന്ന ഗവേഷണാത്മക പ്രവർത്തനങ്ങൾക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കുന്നു.
* വിദഗ്ധരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ കൃത്യപ്പെടുത്തുന്നു.
* കണ്ടെത്തലുകളുടെ അവതരണം.

## അടിസ്ഥാന ഗണിതം

പ്രശ്നം -

* ഒന്നു മുതൽ നാലു വരെയുള്ള എല്ലാ കുട്ടികൾക്കും ഗണിത പാഠ പദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
* അടിസ്ഥാന ആശയങ്ങൾ ധാരണയില്ല.

ലക്ഷ്യം -

* ഒന്നു മുതൽ നാലു വരെയുള്ള കുട്ടികൾക്ക് അടിസ്ഥാന ശേഷികൾ ഉറപ്പിക്കുക.
* ഗണിതപഠനത്തിൽ താല്പര്യമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ ചെയ്യുക.
* അധികസമയം കണ്ടെത്തുക.
* ഗണിതാശയങ്ങൾ നിത്യജീവിതവുമായി കഴിയുന്നതും ബന്ധപ്പെടുത്തുക.
* സ്വയം പഠനത്തിന് സഹായകമാകുന്ന പഠനോപകരണങ്ങൾ പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്യുക.

**പ്രവർത്തന വിശദീകരണം**

* പ്രീടെസ്റ്റ്.
* ഒന്നു മുതൽ നാലു വരെയുള്ള കുട്ടികൾ നേരിടുന്ന അടിസ്ഥാന ശേഷികൾ പട്ടികപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുക.
* ക്ലബ്ബിന്റെ നേതൃത്വത്തിൽ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുക.
* പഠനോപകരണ ശില്പശാല സംഘടിപ്പിക്കുക.
* അധ്യാപകർക്ക് പാഠഭാഗവുമായി ബന്ധപ്പെടുത്തി കൊണ്ട് ICT അധിഷ്ഠിതമായ പരിശീലനം നടത്തുക.
* എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുക.
* ക്ലാസ്സ് പി.ടി.എ. വിളിച്ച് രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠനത്തിന്റെ അവസ്ഥ അതാത് സമയങ്ങളിൽ ബോധ്യപ്പെടുത്തുക. പരിഹാര ബോധനം ചിട്ടപ്പെടുത്തുക.

## ഒപ്പം ഒപ്പത്തിനൊപ്പം

പ്രീ ടെസ്റ്റിലൂടെ കണ്ടെത്തിയ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ പരിഹാര ബോധന പരിപാടിയാണ് ഒപ്പത്തിനൊപ്പം. മുഖ്യമായും നിരവധി വ്യത്യസ്ത വർക്ക് ഷീററുകൾ നൽകി ഗണിതപഠനം ആസ്വാദ്യകരമാക്കാൻ ഉള്ള അവസരവും ഇതിലൂടെ ഒരുക്കുന്നു.

ഗണിത ക്ലബ്ബ് , പഠനോപകരണ ശില്പശാല, മെട്രിക് മേള, സി.പി.ടി.എ., ഐ.സി.ടി. പരിസീലനം തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ ഗണിതപഠനം ആസ്വാദ്യകരമായി മുന്നേറാൻ കഴിയും.

### മേഖലകൾ

* ഗണിതകഥ, പാട്ട്
* ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നൽകൽ.
* കണക്കിലെ കളികൾ.
* വ്യത്യസ്ത അളവുകൾ പരിചയപ്പെടുത്തൽ.
* ഭാരം, നീളം, ഉള്ളളവ് എന്നിവ കൃത്യതപ്പെടുത്തി ഏകകങ്ങൾ പരിചയപ്പെടുത്തൽ.
* പഠനോപകരണ നിർമ്മാണം
* വിവരസാങ്കേതിക വിദ്യയെ ഗണിതപഠനവുമായി ബന്ധിപ്പിക്കൽ.

## ഉപസംഹാരം

അടുത്ത അഞ്ചു വർഷത്തേക്കുള്ള സമഗ്രമായ വികസനപദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ഓരോ വർഷത്തേക്കുള്ള പദ്ധതികൾ നിശ്ചിത വിഷയഗ്രൂപ്പുകൾ [illegible] ലത്തിൽ ആസൂത്രണം ചെയ്യണം. ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയ പദ്ധതികൾ ആവിഷ്കരിച്ചു [illegible] വേണ്ടിവരും. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് ഈ [illegible] ങ്ങുന്നതാവണം.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യമായ ആസൂത്രണവും വിലയിരുത്തലും ഉറപ്പാക്കണം. ഫണ്ട് വിനിയോഗത്തിൽ കൃത്യതയും സൂക്ഷ്മതയും സുതാര്യവും ഉറപ്പാക്കണം. വിദ്യാലയത്തിലേക്ക് ഏതു സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭിച്ചാലും നടപ്പിലാക്കുന്നത് വികസന പദ്ധതിയിലെ പ്രവർത്തനങ്ങളാവണം.

ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവവും വൈഭവവും കണ്ടെത്തണം. അഞ്ചു വർഷം കൊണ്ട് വിദ്യാലയത്തെ എല്ലാ തലത്തിലും ലോകനിലവാരത്തിലെത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.